പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 10.08.2017-ൽ മറുപടിക്ക്

ചോദ്യം നമ്പർ: **1045**

## കണ്ണങ്ങാട് - വെല്ലിംഗ്ടൺ ലൈൻ പാലം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലൻഡ് പാലത്തിനായി സ്ഥലം വിട്ടുതന്നവർക്കുള്ള നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | ഈ സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് നൽകുന്നതിന് കൃഷി വകുപ്പിൽ നിന്നും നിലപരിവർത്തന അനുമതി ആവശ്യമാണ്. അതിന് അപേക്ഷ കൊടുത്തിട്ടുണ്ടെങ്കിലും ഇതുവരെ ലഭ്യമായിട്ടില്ല. മാത്രമല്ല സ്ഥലമെടുപ്പിന് 2.83 കോടി രൂപയുടെ ഭരണാനുമതിക്കായി 12.04.2017 തീയതിയായി ഒരു പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയുണ്ടായി. ആയത് പരിശോധിച്ച ശേഷം ചില സ്പഷ്ടീകരണങ്ങൾ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. 64 കോടി രൂപ സാങ്കേതികാനുമതിയുള്ള ടി പ്രവൃത്തിയുടെ അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം എൽ.എ-യ്ക്ക് 74.26 ലക്ഷം രൂപയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഇപ്പോൾ പ്രവൃത്തിയുടെ സേവിംഗ്സ് കണക്കിലെടുത്ത് 2.95 കോടി രൂപ എൽ.എ-യ്ക്ക് ഉൾക്കൊള്ളിച്ച് സാങ്കേതികാനുമതി നൽകിയ തുകയ്ക്കുള്ളിൽ നിർത്തി രണ്ടാമത്തെ റിവൈസ്ഡ് എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്. |
| (ബി) | ഇത് എന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | കൃഷി വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്കും പുതുക്കിയ ടി റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന മുറയ്ക്കും മാത്രമേ തുക നൽകാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത പാലം എന്നത്തേക്ക് തുറന്നു കൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | അപ്രോച്ച് റോഡിന്റെ ടാറിംഗും അനുബന്ധ പ്രവൃത്തികളും പൂർത്തിയാക്കുന്ന മുറയ്ക്കു മാത്രമേ പാലം ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ സാധിക്കുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ